ഉത്തരം

(എ) 114 സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇനിയും കമ്പ്യൂട്ടറൈസ് ചെയ്യാനുള്ള 194 സബ് രജിസ്ട്രാർ ആഫീസുകളിൽ 154 എണ്ണത്തിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 4 ആഫീസുകളിൽ കമ്പ്യൂട്ടറുകളുടെ പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്. ഇവ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇന്ദിരാ ആവാസ് പദ്ധതിപ്രകാരം നിർമ്മിക്കുന്ന വീടുകൾ

121 [3377] *ശ്രീ വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് പദ്ധതിപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നവർക്ക് 20,000 വീടുകൾ നിർമ്മിച്ചു നൽകുമെന്ന വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്;

(സി) വീടുകൾ ജില്ലാ അടിസ്ഥാനത്തിലാണോ നിയോജകമണ്ഡലാടിസ്ഥാനത്തിലാണോ നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നത്;

(ഡി) ബേപ്പൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ ഈ പദ്ധതിപ്രകാരം നൽകും എന്ന് അറിയിക്കാമോ;

(ഇ) വീടുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയാണ് വീടുകൾ നൽകുന്നത്; കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നുണ്ടോ എന്ന് പറയാമോ?

ഉത്തരം

(എ) ഒരു വർഷത്തെ കർമ്മ പദ്ധതിയിൽപ്പെടുത്തി 20,000 വീടുകൾ ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഇതിനകം 14,302 വീടുകൾ നിർമ്മിച്ചു.

(സി) വീടുകൾ നിർമ്മിക്കുന്നതിനുള്ള ലക്ഷ്യം നിശ്ചയിച്ചിരിക്കുന്നത് ജില്ലാടിസ്ഥാനത്തിനാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 149 വീടുകൾ.

(ഇ) ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം. വീടുവയ്ക്കുന്നതിന് ആവശ്യമായ സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം. നിർമ്മിക്കുന്ന വീടിന് കുറഞ്ഞത് 20 സ്കയർ മീറ്റർ എങ്കിലും പ്ലിന്ത് ഏരിയ വേണം. സാനിട്ടറി കക്കൂസും, പുകയില്ലാത്ത അടുപ്പും നിർമ്മിക്കുന്നതിനും ഇതോടൊപ്പം സഹായം നൽകുന്നുണ്ട്. കുടിവെള്ളവും വൈദ്യുതിയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

തരിശുഭൂമികളെ ജനവാസയോഗ്യമാക്കുവാൻ നടപടി

122 [3378] *ശ്രീ. കളത്തിൽ അബ്ദുള്ള:*
,, *സി. ടി. അഹമ്മദ് അലി:*
,, *യു. സി. രാമൻ:*
,, *സി. മോയിൻ കുട്ടി:*
,, *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുഭൂമി വികസനത്തിനായി സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ച തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) തരിശുഭൂമി വികസനത്തിനായി വിവിധ ജില്ലകളിൽ സംസ്ഥാന ഗവൺമെന്റ് എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്;

(സി) ഈ പദ്ധതിയിൽ സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയ തുക എത്രയെന്ന് അറിയിക്കുമോ;

(ഡി) ഈ പരിപാടിയിലൂടെ എത്ര തരിശുഭൂമികളെയാണ് ജനവാസയോഗ്യവും കാർഷിക പ്രധാനവും ആക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തരിശുഭൂമി വികസനത്തിനായി സമഗ്രനീർത്തട വികസന പദ്ധതി/ഹരിയാലിയിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽനിന്നും 2618.57 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ബി) തരിശുഭൂമി വികസനത്തിനായി തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട്, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 10 പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടായിരുന്നു. ഇവയിൽ 8 പദ്ധതികൾ നിലവിൽ നടന്നുവരുന്നു.

(സി) ഈ പദ്ധതിയിൽ സംസ്ഥാന ഗവൺമെന്റ് 54.62 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) ഈ പരിപാടിയിലൂടെ 37955.39 ഹെക്ടർ ഭൂമി ജനവാസയോഗ്യവും കാർഷിക പ്രധാനവും ആക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly